**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3733** **26-10-2021 - ൽ മറുപടിയ്ക്ക്**

**ക്ഷീര സഹകരണസംഘത്തിൽ രജിസ്റ്റർ ചെയ്തവർക്കുള്ള ആനുകൂല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി** | | **Smt J Chinchurani**<br>**(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പാലുൽപ്പാദനം കുറഞ്ഞു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ക്ഷീരസംഘങ്ങൾ മുഖേനയുള്ള പാൽ സംഭരണം കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് വർദ്ധിക്കുകയാണുണ്ടായത്. |
| (ബി) | ക്ഷീരകർഷകർക്ക് പാൽ അളക്കുന്നതിന് അനുസരിച്ച് ആനുകൂല്യം നൽകുന്നതിന് പകരം ക്ഷീര സഹകരണസംഘത്തിൽ രജിസ്റ്റർ ചെയ്ത എല്ലാവർക്കും എല്ലാ ആനുകൂല്യങ്ങളും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | ക്ഷീരസംഘത്തിൽ പാലളക്കുന്ന എല്ലാ ക്ഷീരകർഷകർക്കും നിലവിൽ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നുണ്ട്. ക്ഷീരസഹകരണ സംഘം മുഖാന്തിരമുള്ള പാൽ സംഭരണം വർദ്ധിപ്പിക്കുന്നതിനാണ് ഇത്തരത്തിലുള്ള നടപടികൾ സ്വീകരിച്ചു വരുന്നത്. ക്ഷീരസംഘത്തിൽ പാൽ അളക്കാതെ ക്ഷീര സംഘത്തിൽ രജിസ്റ്റർ ചെയ്ത എല്ലാ കർഷകർക്കും ആനുകൂല്യം ലഭ്യമാക്കുകയാണെങ്കിൽ ക്ഷീരസംഘത്തിലെ പാൽ സംഭരണം കുറയുകയും തൽഫലമായി സംഘത്തിന്റെ സാമ്പത്തികസ്ഥിതി മോശമാകാനും സാധ്യതയുണ്ട്. |
| (സി) | നല്ലയിനം കിടാരികളെയും കന്നുകുട്ടികളെയും ക്ഷീരകർഷകർക്ക് ലഭ്യമാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ; | (സി) | നല്ലയിനം പശുക്കുട്ടികളെ കർഷകർക്ക് ലഭ്യമാക്കുന്നതിന് ഉൽപ്പാദനക്ഷമത കൂടിയ വിത്തുകാളകളുടെ ബീജം ഉപയോഗിച്ച് കർഷകരുടെ പശുക്കളിലും കിടാരികളിലും കൃത്രിമ ബീജധാനം നടത്തുന്നു. സംസ്ഥാനത്തെ കന്നുകാലി പ്രജനന നയത്തിനനുസരിച്ച് ഉയർന്ന ജനിതക മൂല്യവും ഉൽപ്പാദക്ഷമതയുമുള്ള വിത്തു കാളകളുടെ ബീജ മാത്രകളാണ് ഇതിനായി കേരള സ്റ്റേറ്റ് ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് സംസ്ഥാനത്തിനകത്ത് വിതരണം നടത്തുന്നത്. ഇതിന് പുറമെ വിദേശത്ത് നിന്നും ഇറക്കുമതി ചെയ്ത ബീജം, ഇറക്കുമതി ചെയ്ത വിത്തുകാളകളിൽ നിന്നുള്ള ബീജം, ലിംഗ നിർണ്ണയം നടത്തിയ ബീജമാത്രകൾ എന്നിവയും വിതരണം നടത്തിവരുന്നു. ഇങ്ങനെ ജനിക്കുന്ന കന്നുകുട്ടികൾക്ക് ശാസ്ത്രീയ കന്നുകുട്ടി പരിപാലനം ഉറപ്പ് വരുത്തുന്ന കന്നുകുട്ടി പരിപാലന പദ്ധതിയും മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കി |

| | | | |
|---|---|---|---|
| | | | വരുന്നു. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഈ പദ്ധതി വിജയകരമായി നടപ്പിലാക്കി വരുന്നു. കൂടാതെ, ശാസ്ത്രീയ പരിപാലനം ഉറപ്പ് വരുത്തി ചുരുങ്ങിയ സമയത്തിനുള്ളിൽ നല്ലയിനം പശുക്കളെ സൃഷ്ടിക്കുന്നതിനുള്ള കിടാരി പാർക്ക് പദ്ധതിയും ക്ഷീരവികസന വകുപ്പ് നടപ്പിലാക്കി വരുന്നു. |
| (ഡി) | ക്ഷീര സഹകരണസംഘത്തിന്റെ ഓഡിറ്റ് കൃത്യമായി നടത്താറുണ്ടോ; | (ഡി) | ക്ഷീരസംഘത്തിന്റെ ഓഡിറ്റ് നടത്തുന്നത് സഹകരണ വകുപ്പാണ്. ക്ഷീരസംഘങ്ങളിൽ ഓഡിറ്റ് നടത്തുന്നതിന് ഏതെങ്കിലും തരത്തിലുള്ള കാലതാമസം നേരിടുകയാണെങ്കിൽ ആയതിന്റെ വിവരം സഹകരണ വകുപ്പിനെ അറിയിക്കുകയും തുടർന്ന് ഓഡിറ്റ് സമയബന്ധിതമായി പൂർത്തീകരിച്ച് വരികയും ചെയ്യുന്നു. |
| (ഇ) | പുതിയ തലമുറയെ ക്ഷീരമേഖലയിൽ ശ്രദ്ധപതിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ? | (ഇ) | ഈ സർക്കാർ ക്ഷീരോല്പാദന മേഖലയിലേയ്ക്ക് യുവസംരംഭകരെ കൂടുതലായി കൊണ്ടു വരിക, കാലിസമ്പത്ത് വർദ്ധിപ്പിക്കുക, പാലുല്പാദനം വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് മിൽക്ക് ഷെഡ് വികസന പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതിയുടെ ഘടക പദ്ധതിയായ ക്ഷീര ഗ്രാമം പദ്ധതി തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നൂതന പദ്ധതിയാണ്. മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങി നൽകുന്ന പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗോധനം (സങ്കരയിനം), ഗോധനം (തനത് ഇനം), രണ്ട് പശു യൂണിറ്റ്, അഞ്ച് പശു യൂണിറ്റ്, പത്ത് പശു യൂണിറ്റ്, കോമ്പോസിറ്റ് ഡയറി യൂണിറ്റ് (1 പശു + 1 കിടാരി), കോമ്പോസിറ്റ് ഡയറി യൂണിറ്റ് (3 പശു + 2 കിടാരി), കോമ്പോസിറ്റ് ഡയറി യൂണിറ്റ് (6 പശു + 4 കിടാരി), കിടാരി പാർക്ക്, ആവശ്യാധിഷ്ഠിത ധനസഹായം, കാലിത്തൊഴുത്ത് നിർമ്മാണം/ നവീകരണം തുടങ്ങിയ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കി വരുന്നത്. ക്ഷീരോല്പാദന മേഖലയിൽ ക്ഷീര കർഷകർ നേരിടുന്ന ഏറ്റവും പ്രധാന പ്രശ്നം കാലിത്തീറ്റയുടെയും വൈക്കോലിന്റെയും ലഭ്യത കുറയുന്നതും വില വർദ്ധിക്കുന്നതുമാണ്. ഇതിൽ നിന്ന് കർഷകർക്ക് ആശ്വാസമായി വിവിധങ്ങളായ തീറ്റപ്പുൽകൃഷി വികസന പദ്ധതികളും ക്ഷീരവികസന വകുപ്പ് നടപ്പിലാക്കി വരുന്നു. കൂടാതെ കുട്ടികളിൽ പശുവളർത്തലിൽ അഭിരുചി ഉണ്ടാകുന്നതിനായി സ്കൂൾ ഡയറി ക്ലബ്ബുകൾ സ്ഥാപിച്ച് താൽപര്യമുള്ള വിദ്യാർത്ഥികൾക്ക് ക്ലാസ്സുകളും പരിശീലനങ്ങളും നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ